## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 688** **13.06.2012-ൽ മറുപടിക്ക്**

## ഹൃദ്രോഗംമൂലമുള്ള മരണങ്ങൾക്ക് പോസ്റ്റ്മോർട്ടം ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഹൃദ്രോഗം പോലുള്ള രോഗങ്ങൾ മൂലം ആശുപത്രിയിലേക്കുള്ള യാത്രാമദ്ധ്യേ ആകസ്മിക മരണം സംഭവിച്ച് ആശുപത്രികളിൽ കൊണ്ടുവരുന്ന മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിനുശേഷമേ വിട്ടുനൽകുകയുള്ളൂ എന്ന നിലവിലെ രീതിമൂലം ബന്ധുക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ബന്ധുജനങ്ങളും ജനപ്രതിനിധികളും രേഖാമൂലം ഉറപ്പ് നൽകിയാൽ പോലും ഇത്തരം കേസ്സുകളിൽ പോസ്റ്റുമോർട്ടം ഒഴിവാക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ ; | (ബി) മരണകാരണം വ്യക്തമാക്കുവാൻ പോസ്റ്റ്മോർട്ടം പരിശോധന വേണം. |
| (സി) പ്രസ്തുത രോഗങ്ങൾക്ക് ചികിത്സിച്ചതിന്റെ രേഖകളും രക്ത ബന്ധുക്കളുടെയും, ഒപ്പം പരിസരത്തെ മാന്യവ്യക്തികളോ ജനപ്രതിനിധികളോ രേഖാമൂലം സത്യപ്രസ്താവന നൽകുന്ന സാഹചര്യത്തിൽ അത്തരം കേസ്സുകളിൽ പോസ്റ്റുമോർട്ടം ഒഴുവാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) പൊലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള സർട്ടിഫിക്കറ്റിൽ പോസ്റ്റുമോർട്ടം ആവശ്യമില്ല എന്ന് ബോധ്യപ്പെടുത്തിയാൽ പോസ്റ്റുമോർട്ടം ഒഴിവാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**